*2000ന് ശേഷം കുഴൽക്കിണറുകളുടെ എണ്ണം വല്ലാതെ കൂടിയതായി നാട്ടുകാർ പറയുന്നു*

# തദ്ദേശീയരുടെ മുൻകൈയിൽ തുടർച്ചകളുണ്ടാകും

**റംസീന ഉമൈബ**
**(ഡിഗ്രി വിദ്യാർത്ഥി, സംവാദയാത്രാ കോ–ഓർഡിനേറ്റർ,)**

യാത്ര തുടങ്ങുന്നതിന് മുമ്പ് നടന്ന ആലോചനകളിൽത്തന്നെ ഇതൊരു സംവാദയാത്രയാകണം എന്ന് ഉറപ്പിച്ചിരുന്നു. ജനങ്ങളെ കേൾക്കുക എന്നതിന് പ്രാധാന്യം നൽകണമെന്നും അങ്ങനെ ലഭിക്കുന്ന വിവരങ്ങൾ സമാഹരിച്ച് വിശദമായി വിലയിരുത്തിയ ശേഷം മാത്രം അവരോടുള്ള മറുപടികൾ പറഞ്ഞാൽ മതിയെന്നാണ് തീരുമാനിച്ചത്. പക്ഷെ സംവാദം എങ്ങനെ നടത്തും എന്നതിനെക്കുറിച്ച് ഞങ്ങളിൽ പലർക്കും ആശങ്കയുണ്ടായിരുന്നു. അത്തരത്തിലുള്ള ഒരനുഭവം ഞങ്ങൾക്കുണ്ടായിരുന്നില്ല. ചിലകാര്യങ്ങൾ ജനങ്ങളോട് പറയുന്നതിന് വേണ്ടിയുള്ള കാമ്പയിൻ യാത്രകൾ നടത്തിയിട്ടുണ്ട്. പക്ഷെ ജനങ്ങളെ കേൾക്കുക എന്നത് എങ്ങനെയാകണമെന്ന് മനസ്സിൽ വ്യക്തമായ ചിത്രമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ യാത്ര തുടങ്ങിയതോടെ ആ സംശയം മാറി. പശ്ചിമഘട്ട സംരക്ഷണം എന്നതാണ് ഞങ്ങളുടെ തുടർ ലക്ഷ്യമെന്ന് പറയുമ്പോൾത്തന്നെ ജനങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ ഇങ്ങോട്ട് പറയാനുണ്ടായിരുന്നു. പ്രത്യേകിച്ച് കേൾക്കാൻ സന്നദ്ധരായി എത്തിരിക്കുന്ന ഒരു ഗ്രൂപ്പിനോട് അവർ കൂടുതൽ മനസ്സുതുറന്നു.

കാസർഗോഡ് ജില്ലയിലെ ബേഡകം എന്ന ഗ്രാമത്തിൽ നിന്നായിരുന്നു യാത്ര ആരംഭിച്ചത്. അവിടെ ഞങ്ങളുടെ ചില സുഹൃത്തുകൾ നാളുകളായി ജൈവകൃഷിയും നീർത്തട സംരക്ഷണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. അവരായിരുന്നു യാത്രയുടെ ഉദ്ഘാടന പരിപാടികളെല്ലാം സംഘടിപ്പിച്ചത്. ബേഡകത്ത് നിന്നും വാവടുക്കം എന്ന സ്ഥലത്തേക്കാണ് ഞങ്ങൾ ആദ്യ ദിവസം നടന്നത്. കാസർഗോഡ് ജില്ലയിലെ പരിസ്ഥിതി പ്രവർത്തകർ യാത്ര തുടങ്ങുന്നതിന് മുമ്പ് കാസർഗോഡിന്റെ പാരിസ്ഥിതികാവസ്ഥയുടെ ഒരു വിവരണം ഞങ്ങൾക്ക് നൽകിയിരുന്നു. ക്വാറികളുടെ പ്രശ്നമാണ് അവർ പ്രധാനമായും പറഞ്ഞത്. പാരിസ്ഥിതകമായ പരിഗണനകളൊന്നുമില്ലാതെയാണ് ഉദ്യോഗസ്ഥർ ക്വാറികൾക്ക് അനുമതി നൽകുന്നത്. കാസർഗോഡ് ജില്ലയിൽ അടുത്തിടെ 86 ക്വാറികൾക്കാണ് ജിയോളജി വകുപ്പ് അനുമതി നൽകിയത്. ജില്ലയിലെ പുഴകളെല്ലാം വേനൽക്കാലമായാൽ വറ്റുന്ന സ്ഥിതിയാണുള്ളത്. കോട്ടഞ്ചേരി മല, റാണിപുരം, മണ്ടക്കോൽ തുടങ്ങിയ വനമേഖലകളിൽ നിന്നാണ് പുഴകൾ ഉത്ഭവിക്കുന്നത്. അവിടെയെല്ലാം കാടിന് ശോഷമുണ്ടായത് പുഴകളിലേക്കുള്ള നീരൊഴുക്കിനെ ബാധിച്ചിട്ടുണ്ട്. ബ്ളാൽ പഞ്ചായത്തിൽ വരുന്ന പ്രദേശങ്ങളിലൂടെയായിരുന്നു ഞങ്ങൾ ആദ്യദിവസം നടന്നത്. അവിടെ ശുദ്ധജലത്തിന്റെ ക്ഷാമം തന്നെയായിരുന്നു ജനങ്ങൾ മുഖ്യമായും ഉന്നയിച്ച വിഷയം. 2000ന് ശേഷം കുഴൽക്കിണറുകളുടെ എണ്ണം വല്ലാതെ കൂടിയതായി നാട്ടുകാർ പറയുന്നു. ഒരു വീട്ടിൽത്തന്നെ മൂന്ന് കുഴൽക്കിണറുകളുള്ള സ്ഥലം ഞങ്ങൾ കണ്ടു. കർണ്ണാടകയുമായി അതിർത്തി പങ്കിടുന്ന പഞ്ചായത്താണ് ബ്ളാൽ പഞ്ചായത്ത്. നിരവധി ക്വാറികൾ പഞ്ചായത്തിലുണ്ട്. പരപ്പ, മുണ്ടത്തടം എന്നീ സ്ഥലങ്ങളിൽ ക്വാറികൾക്കെതിരെ ജനങ്ങൾ സമരം തുടങ്ങിയിട്ടുണ്ട്. 120 ദിവസം നീണ്ടുനിന്ന സമരം നടന്ന പള്ളത്തുമല എന്ന സ്ഥലത്ത് ജനകീയ പ്രതിഷേധം കാരണം ക്വാറി പൂട്ടി. കശുമാവിൻ തോട്ടങ്ങളായിരുന്നു ആ പ്രദേശത്ത് കൂടുതലുണ്ടായിരുന്നത്. റബ്ബറിന് നല്ല വിലയുണ്ടായിരുന്ന കാലത്ത് പലരും കശുമാവ് മുറിച്ചുമാറ്റി റബ്ബറിലേക്ക് മാറിയിരുന്നു.

ആദിവാസി-ദളിത് വിഭാഗത്തിൽപ്പെട്ടവർ ഏറെയുള്ള സ്ഥലമാണ് ബ്ളാൽ പഞ്ചായത്ത്. കല്ലൻചിറ എന്ന സ്ഥലത്ത് ഞങ്ങൾ ഒരു ആദിവാസി കോളനി സന്ദർശിച്ചു. അവിടെ ഡി.എസ്.എസ് എന്ന ആദിവാസി സംഘടനയുടെ പ്രതിനിധികളുമായി ഞങ്ങൾ സംസാരിച്ചു. അവരെല്ലാം ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് അനുകൂലമായിരുന്നു. ആദിവാസികളല്ല പശ്ചിമഘട്ടത്തിന് നാശമുണ്ടാക്കുന്നതെന്ന് അവർ ഉറച്ചുവിശ്വസിക്കുന്നുണ്ട്.

പരപ്പയിലെ വള്ളിക്കടവ് എന്ന പ്രദേശത്തെ ചില കർഷകർ ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ കാര്യങ്ങൾ പരിഗണിച്ച ശേഷമേ പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് ആലോചിക്കാവൂ എന്ന് അഭിപ്രായപ്പെട്ടു. നാല് ക്വാറികൾ ആ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ക്വാറിക്ക് ചുറ്റുമുള്ള സ്ഥലം വലിയ വിലകൊടുത്ത് മുതലാളിമാർ വാങ്ങിക്കൂട്ടുക

യാണ്. നാട്ടുകാർ കാശുവാങ്ങി അവിടെ നിന്നും ഒഴിഞ്ഞുപോകുന്നു. അക്കാരണത്താൽ അവിടെ ക്വാറിക്കെതിരെ പരാതി കുറവാണ്. പരപ്പയിൽ വച്ച് ജൈവകർഷകനും പരിസ്ഥിതി പ്രവർത്തകനുമായ സണ്ണി പൈകട നിരവധി കർഷകരുമായി സംസാരിക്കുന്നതിനുള്ള അവസരം യാത്രികർക്ക് ഒരുക്കിത്തന്നു. പല ദുരനുഭവങ്ങളും കാരണം കർഷകർ പരിസ്ഥിത സംരക്ഷണ പ്രവർത്തനങ്ങളെയെല്ലാം അൽപ്പം സംശയത്തോടെയാണ് നോക്കിക്കാണുന്നതെന്നും ആ സംശയത്തെ ഗാഡ്ഗിൽ റിപ്പോർട്ടിന്റെ മറവിൽ ചിലർ ആളിക്കത്തിക്കുകയായിരുന്നു എന്നും അവർ പറഞ്ഞു. പിന്നീട് ഞങ്ങളെത്തിയ ചിറ്റാരിക്കൽ കർ അവരുടെ കൂട്ടത്തിലുണ്ട്. കുടിയേറ്റ കർഷകരല്ല, ക്വാറി മാഫിയയാണ് പശ്ചിമഘട്ടത്തെ നശിപ്പിക്കുന്നതെന്ന് അവർ പരാതിപ്പെട്ടു. കേരളത്തിലെ കൺസ്ട്രക്ഷൻ മേഖലയിൽ ബദലുകൾ വരാതെ പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് സംസാരിച്ച് കാര്യമില്ലെന്നും അവർക്ക് അഭിപ്രായമുണ്ട്.

കാസർഗോഡ് ജില്ല പിന്നിട്ട് കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിലേക്കാണ് ഞങ്ങൾ പിന്നീട് പോയത്. ആധുനിക യന്ത്രസംവിധാനങ്ങളോടെ പ്രവർത്തിക്കുന്ന നിരവധി ക്വാറികൾ ചെറുപുഴ പഞ്ചായത്തിലുമുണ്ട്. പശ്ചിമഘട്ട സംരക്ഷണത്തിന് പിന്നിൽ അന്താരാഷ്ട്ര ഗൂഢാലോചനയാണുള്ളതെന്ന് അവിടെയുള്ള ചിലർ സംശയിക്കുന്നുണ്ട്. എന്നാൽ തൊട്ടടുത്ത ആലക്കോട് പഞ്ചായത്തിലെ കർഷകർ ഗാഡ്ഗിൽ റിപ്പോർട്ടിനോട് കുറച്ചുകൂടി അനുകൂല സമീപനം പുലർത്തുന്നവരായിരുന്നു. ജലക്ഷാമമാണ് അവരെ പ്രധാനമായും അങ്ങനെ ചിന്തിപ്പിക്കുന്നത്. ആ നാട്ടിലൂടെ ഒഴുകുന്ന തേർത്തല്ലി പുഴയിൽ ഓരോ വർഷവും ഒഴുക്ക് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കണ്ണൂർ ജില്ലയിൽ ഞങ്ങൾ കടന്നുപോയ പഞ്ചായത്തുകളായ നടുവിൽ, എരുവേശ്ശി, പയ്യാവൂർ, ഉളിക്കൽ എന്നവിയെല്ലാം കാർഷിക മേഖലകളായിരുന്നു. കുടിയേറ്റ കർഷകർ കൂടുതലുള്ള പ്രദേശങ്ങൾ. ഏക



യാത്രികർ ചാലിയാർ പുഴയുടെ തീരത്ത് തദ്ദേശീയരുമായി സംസാരിക്കുന്നു

പ്രദേശത്ത് വന്യജീവികൾ കൃഷി നശിപ്പിക്കുന്ന സംഭവം പതിവായിത്തീർന്നതായി കർഷകർ പരാതിപ്പെട്ടു. കൃഷിക്ക് ദോഷമുണ്ടാക്കുന്ന മൃഗങ്ങളെ കൊല്ലുന്നതിനുള്ള അനുമതി തരണമെന്നതാണ് അവരുടെ ആവശ്യം. പന്നി, മയിൽ, കുരങ്ങ് എന്നിവയാണ് പ്രധാനമായും കൃഷി നാശമുണ്ടാക്കുന്നത്. അവിടെ വച്ച് ഫെയർ ട്രേഡ് ഓർഗനൈസേഷൻ എന്ന കർഷക സംഘടനയുടെ പ്രതിനിധികളെ പരിചയപ്പെട്ടു. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിലെ ജൈവകർഷകരുടെ ഒരു ഗ്രൂപ്പാണത്. ജൈവ ഉത്പന്നങ്ങൾ മാർക്കറ്റിൽ വിൽക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിച്ച മൂവായിരത്തിലധികം കർഷ

വിളത്തോട്ടങ്ങളുടെയും രാസകൃഷിയുടേയു മെല്ലാം സമാനമായ പ്രശ്നങ്ങളാണ് ഈ പ്രദേശങ്ങളിലെല്ലാമുള്ളത്.

ആറളം ഫാമിലെത്തിയപ്പോഴാണ് വളരെ വ്യത്യസ്തമായ അനുഭവങ്ങളുണ്ടായത്. ആദിവാസികളെ പുനരധിവസിപ്പിച്ചിരിക്കുന്ന പ്രദേശമാണത്. ഭൂമി നൽകിയെങ്കിലും പുതിയൊരു സ്ഥലത്ത് ജീവിതം തുടങ്ങുന്നതിനുള്ള സഹായമൊന്നും സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. വൈദ്യുതി, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലും അവിടേക്കെത്തിയിട്ടില്ല. കുട്ടികൾ പലരും സ്കൂളിൽ പോകുന്നില്ല. എന്നാൽ ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ രൂപീകരിച്ച കാവേരി പാഠശാല എന്ന സംവിധാനം കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഇപ്പോൾ ശ്രദ്ധിക്കുന്നുണ്ട്. പാഠശാലയുടെ കോ-ഓർഡിനേറ്ററായ മായ എന്ന യുവതിയുമായി സംസാരിച്ചാണ് ഞങ്ങൾ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കിയത്.

> വൈത്തിരി മേഖലയിലേക്ക് യാത്രയെത്തിപ്പോൾ അവിടെയുള്ളവർ പ്രധാനമായും ഉന്നയിച്ച പരാതി ടൂറിസത്തിന്റെ പ്രശ്നങ്ങളാണ്. റിസോർട്ടുകൾ ക്രമാതീതമായി കൂടിക്കൊണ്ടിരിക്കുകയാണ്. ആദിവാസി കോളനികളോട് ചേർന്ന് റിസോർട്ട് വരുന്നതിൽ ജനങ്ങൾക്ക് ആശങ്കയുണ്ട്

ആറളത്ത് നിന്നും ഞങ്ങൾ പോയത് ഏറെ സംഘർഷങ്ങൾ ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പേരിൽ അരങ്ങേറിയ കൊട്ടിയൂർ പഞ്ചായത്തിലേക്കാണ്. കെ.കെ. ഗ്രൂപ്പ് എന്ന ക്വാറിയുടെ ആളുകളാണ് പ്രശ്നങ്ങളുണ്ടാക്കിയതെന്നും വണ്ടികത്തിച്ചകതെന്നുമാണ് കർഷകർ പറയുന്നത്. കർഷകർക്ക് ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് ആശങ്കയുണ്ടായിരുന്നെങ്കിലും അക്രമ സംഭവങ്ങളിലൊന്നും പങ്കാളിത്തമുണ്ടായിരുന്നില്ല എന്ന് അവർ ഉറപ്പിച്ചുപറഞ്ഞു. എന്നാൽ പോലീസ് യാഥാർത്ഥ പ്രതികളെയല്ല പിടിച്ചിരിക്കുന്നത്. 1500 പേർക്കെതിരെ അവിടെ കേസെടുത്തിട്ടുണ്ട്. അതിൽ നിരപരാധികളാണ് ഏറെയും പെട്ടിരിക്കുന്നതെന്ന് നാട്ടുകാർ പറഞ്ഞു.

കൊട്ടിയൂരിൽ നിന്നും വയനാട് ജില്ലയിലെ തവിഞ്ഞാൽ പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശത്തേക്കാണ് ഞങ്ങൾ പോയത്. പണിയ, കുറിച്യർ, അടിയർ, കാട്ടുനായ്ക്കർ ആദിവാസി വിഭാഗങ്ങൾ കൂടുതലുള്ള പഞ്ചായത്താണത്. പെരിയ വനത്തിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളാണ് പഞ്ചായത്തിൽ അധികവും. ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ചൊന്നും അവർക്ക് ആശങ്കയുണ്ടായിരുന്നില്ല. അവിടെ നിന്നും മാനന്തവാടിയിലേക്കും തുടർന്ന് കണിയാമ്പറ്റയിലേക്കുമെല്ലാം എത്തിയപ്പോഴേക്കും ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളെക്കുറിച്ചുള്ള ആശങ്കൾ ജനങ്ങൾ വീണ്ടും പങ്കുവച്ചുതുടങ്ങി. റിപ്പോർട്ട് നടപ്പിലായാൽ രാത്രിയിൽ ലൈറ്റിടാൻ പറ്റില്ല, വീടിന് പച്ച പെയിന്റടിക്കേണ്ടിവരും തുടങ്ങിയ പ്രചരണങ്ങൾ നാളുകളായി ആ മേഖലയിൽ വ്യാപിക്കുന്നുണ്ട്. നാളുകളായി ജീവിക്കുന്ന ഭൂമിക്ക് പട്ടയം ലഭിക്കാത്തതിന്റെ പ്രശ്നം കർഷകർ പങ്കുവച്ചു. പരിസ്ഥിതി പ്രവർത്തകനായ ധർമ്മരാജൻ വയനാട് ജില്ലയിലെ ക്വാറികളുടെ പ്രശ്നങ്ങൾ ഞങ്ങളോട് വിശദീകരിച്ചു. 160ൽ കൂടുതൽ ക്വാറികൾ വയനാട് ജില്ലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. 20 വർഷമായി പ്രതിഷേധങ്ങളും തുടരുന്നുണ്ട്. വൈത്തിരി മേഖലയിലേക്ക് യാത്രയെത്തിപ്പോൾ അവിടെയുള്ളവർ പ്രധാനമായും ഉന്നയിച്ച പരാതി ടൂറിസത്തിന്റെ പ്രശ്നങ്ങളാണ്. റിസോർട്ടുകൾ ക്രമാതീതമായി കൂടിക്കൊണ്ടിരിക്കുകയാണ്. ആദിവാസി കോളനികളോട് ചേർന്ന് റിസോർട്ട് വരുന്നതിൽ ജനങ്ങൾക്ക് ആശങ്കയുണ്ട്. നിലവിൽ നാനൂറിൽപ്പരം റിസോർട്ടുകൾ വൈത്തിരിയിൽ പ്രവർത്തിക്കുന്നുണ്ട്.

ഇത്തരത്തിലൂടെയുള്ള വിഭവ ശേഖരണത്തിലൂടെയാണ് യാത്ര മുന്നോട്ട് പോകുന്നത്. കടന്നുപോയ വഴികളിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ താത്പര്യമുള്ളവരുടെ അഡ്രസും ഫോൺനമ്പറുകളും ഞങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഭാവിയിൽ അവരുടെ മുൻകൈയിൽ അതാത് പ്രദേശങ്ങളിൽ പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയുമോ എന്നാണ് ആലോചിക്കുന്നത്. ആദ്യം ഞങ്ങളുടെ യാത്രാ സംഘത്തിലുണ്ടായിരുന്ന എല്ലാവരും ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിക്കുകയും വിലയിരുത്തുകയും വേണം. എന്നിട്ട് തുറന്ന വേദിയിൽ ആ വിവരങ്ങൾ ചർച്ചയ്ക്ക് വയ്ക്കും. പരിസ്ഥിതി പ്രവർത്തകരെയും പരിസ്ഥിതി പ്രവർത്തനത്തിൽ പങ്കാളികളാകാൻ താത്പര്യമുള്ള യുവാക്കളെയും ആ യോഗത്തിലേക്ക് ക്ഷണിക്കും. അതിനുശേഷം മാത്രമെ കൃത്യമായ തുടർ പരിപാടികൾ ആസൂത്രണം ചെയ്യാൻ കഴിയൂ. ■